# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4213 — 25.06.2018 -ലെ മറുപടി

**ഭൂജല ചൂഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂജല ഉപഭോഗത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ള 2002-ലെ ആക്ട് നിലനിൽക്കെ നിലവിലുള്ള കടുത്ത വേനൽ മുതലാക്കി ജലമാഫിയ സംഘങ്ങളുടെ ജലമൂറ്റലും കച്ചവടവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടുവോ; | എ) | ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഭൂജല ചൂഷണം സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ട് |
| ബി) | പ്രസ്തുത ജലമൂറ്റൽ/കച്ചവട മാഫിയ നടത്തുന്ന ജലചൂഷണം തടയുവാനും അമിതവില ഈടാക്കി കച്ചവടം നടത്തി ജനങ്ങളെ ചൂഷണം ചെയ്യുന്നതിന് കർശന നിയന്ത്രണം കൊണ്ടുവരുന്നതിനുമായി ജലവകുപ്പ് മറ്റു വകുപ്പുകളുടെ സഹകരണത്തോടു കൂടി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ബി) | വാണിജ്യ ആവശ്യത്തിനായി ഭൂജലവകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയമായ പഠനങ്ങൾ നടത്തി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതിയുടെ തീരുമാനപ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്നു. ഭൂജലചൂഷണം തടയുന്നതിനു വേണ്ടി അനുമതി ഇല്ലാതെ ഭൂജലം ഉപയോഗപ്പെടുത്തി പ്രവർത്തിച്ചു വരുന്ന വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയതിന്മേൽ ആവശ്യമായ പരിശോധനകൾ നടത്തി ഭൂജല അതോറിറ്റി നൽകുന്ന നിരാക്ഷേപപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി കൂടി പരിശോധിച്ച് ഉറപ്പാക്കിയതിനു ശേഷം മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. |
| സി) | നടപ്പുവർഷം ഇത്തരം മാഫിയ പ്രവർത്തനവും കച്ചവടവും നടത്തിയതായി കണ്ടെത്തിയ വാഹനങ്ങൾ, പിടികൂടപ്പെട്ടവർ, ഇവരുടെ പേരിൽ സ്വീകരിച്ച നടപടികൾ, ഈടാക്കിയ പിഴകൾ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ? | സി) | എറണാകുളം ജില്ലയിലെ ആലുവ, കളമശ്ശേരി, ഏലൂർ, പാലാരിവട്ടം എന്നീ സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ഭൂജല ചൂഷണത്തിനെതിരെ പരാതിയെ തുടർന്ന് ജില്ലാ കളക്ടർ ഭൂജല -ആരോഗ്യ- ഭക്ഷ്യ -റവന്യൂ വകുപ്പുകളെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിക്കുകയും ഇത്തരം പ്രദേശങ്ങളിലെ കിണറുകളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ടാങ്കറുകളിൽ ജലം ശേഖരിച്ചുകൊണ്ടു പോകുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ